# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം മൂന്നാം ഞായർ

**യോഹ 14,1-14**

ക്രിസ്തു പറയുന്നു;
"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,9).
പൗലോസ്ശ്ലീഹ പറയുന്നു;
"ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗല 2,20).
കുഷ്ഠരോഗി മദർതെരേസയോട് ചോദിക്കുന്നു;
"നിങ്ങൾ ക്രിസ്തുവാണോ?"

**ചുരുക്കത്തിൽ, ക്രിസ്തുവാകുക... ക്രിസ്തുവിനെ പങ്കുവയ്ക്കുക...**

വഴിയും സത്യവും ജീവനുമായവൻ സ്വന്തമാകുമ്പോൾ സ്വർഗ്ഗം സ്വന്തമാക്കുന്നു!

"വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല" എന്നു പറഞ്ഞവൻ താനും തന്റെ പിതാവുമായിട്ടുള്ള ബന്ധത്തെ വ്യാഖ്യാനിക്കുകയാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ പുത്രനായ ക്രിസ്തു വ്യാഖ്യാനിക്കുമ്പോൾ അവൻ പറയുന്നത് ഒന്നുമാത്രമാണ്; "നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു" (യോഹ 14,7). പിതാവിനെ അറിയുനാനുള്ള മാർഗ്ഗം പുത്രനായ ക്രിസ്തുവിനെ അറിയുക എന്നുള്ളത് മാത്രമാണ്. പുത്രനായ ക്രിസ്തുവിനെ സ്വന്തമാക്കുന്നവർ പിതാവായ ദൈവത്തെ തന്നെയാണ് സ്വന്തമാക്കുന്നത്. പീലിപ്പോസ് പറഞ്ഞു:

"കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി" (യോഹ 14,8).

ഇതിനുള്ള ക്രിസ്തുവിന്റെ മറുപടി ഇപ്രകാരമാണ്;

"ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ?" (യോഹ 14,9-10).

ചുരുക്കത്തിൽ, പുത്രനായ ക്രിസ്തുവിനെ തേടി നടക്കേണ്ട ഇടം പിതാവായ ദൈവത്തിലും, പിതാവായ ദൈവത്തെ തേടി നടക്കേണ്ട ഇടം പുത്രനായ ക്രിസ്തുവിലുമാണ്. അത്രമാത്രം കൂട്ടായ്മയും അടുപ്പവും പിതാവും പുത്രനും തമ്മിലുണ്ട്. എങ്കിൽ, പിതാവിനോട് പ്രാർത്ഥിക്കുന്നതെല്ലാം പുത്രനോടാണ് പ്രാർത്ഥിക്കുന്നത്; പുത്രനോട് പ്രാർത്ഥിക്കുന്നതെല്ലാം പിതാവിനോടാണ് പ്രാർത്ഥിക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞുവയ്ക്കുന്നത്;

"നിങ്ങൾ എൻെറ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും" (യോഹ 14,13).

ഇത്രമാത്രം കുട്ടായ്മയും അടുപ്പവും ഇഴചേർത്ത ബന്ധങ്ങളൊന്നും വചനഭാഗത്തിൽ ദർശ്ശിക്കാൻ സാധിക്കുകയില്ല. ഒരു മനസ്സും രണ്ടു ശരീരവുമായി കഴിയുന്നവർ. കൊതിയൂറണം ഈ ബന്ധം കാണുമ്പോൾ. ഒപ്പം, നമ്മുടെ വ്യക്തി ബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും ഈ മാതൃകയിൽ കെട്ടിപടുക്കുവാനും സാധിക്കണം. "ബന്ധങ്ങൾ ബന്ധനങ്ങളാകുന്ന" കാലഘട്ടത്തിൽ മാതൃകയാക്കേണ്ട പിതാ-പുത്രബന്ധം അനുകര

ണിയം തന്നെയാണ്. ക്രിസ്തു കൃത്യമായി കുറിച്ച് വയ്ക്കുന്നുണ്ട്; "എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6) എന്ന്. അത്രമാത്രം ഇഴയടുപ്പം അവർ തമ്മിലുണ്ട്. ഈയൊരു ബന്ധം കുടുംബങ്ങളിൽ സംസ്ഥാപിതമാക്കാൻ നമ്മുക്ക് സാധിക്കണം. അപ്പോഴാണ്, ക്രിസ്തു ആഗ്രഹിക്കുന്ന വിധത്തിൽ, വെളിപാട് സുസ്തകം കുറിച്ച് വയ്ക്കുന്ന വിധത്തിൽ "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" (വെളി 21,1) സൃഷ്ടിക്കപ്പെടുക.

''ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ, പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ" (യോഹ 14,12). പുത്രൻ പിതാവായ ദൈവത്തെ വെളിപ്പെടുത്തുന്നതിന് രണ്ട് തെളിവുകളാണ് നിരത്തുന്നത്. ഒന്ന്, ഞാൻ പറയുന്നത് വിശ്വസിച്ച് തെളിവായ് സ്വീകരിക്കുക. രണ്ട്, ഞാൻ പറയുന്നത് വിശ്വസിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്റെ പ്രവർത്തികൾ തന്നെ തെളിവായ് സ്വീകരിക്കുക. ചുരുക്കത്തിൽ, വാക്കുക്കൊണ്ടും പ്രവർത്തിക്കൊണ്ടും പിതാവായ ദൈവത്തെ വെളിപ്പെടുത്തിയവനാണ് പുത്രനായ ക്രിസ്തു. ഈയൊരു ദൗത്യം തന്നെയാണ് ക്രിസ്തുവിനെ അനുദാവനം ചെയ്യുന്ന ക്രിസ്ത്യാനികൾ എന്നുവിളിക്കപ്പെടുന്ന നമ്മുടെയും ദൗത്യം. ചുരുക്കത്തിൽ, 'ക്രിസ്ത്യാനി' എന്ന വാക്കിന്റെ നിർവ്വചനം 'ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവൻ' എന്നായി മാറ്റപ്പെടണം!

ഒരു ആനയെ വണ്ടിയിടിച്ചു. നാട്ടുകാർ ഒരു ഓട്ടോ തടഞ്ഞു നിറുത്തി, ആനയെ ഒരുവിധം അകത്താക്കി, മെഡിക്കൽ ട്രസ്റ്റിലേയ്ക്ക് വിട്ടോളാൻ പറഞ്ഞു. ഡ്രൈവർ വണ്ടി എടുക്കാൻ നേരം ഒരു ഉറുമ്പ് പാഞ്ഞു വന്നു വണ്ടിയിൽ കയറാൻ നോക്കി. ഓട്ടോക്കാരൻ ഓവർലോഡായെന്നു പറഞ്ഞു ചൂടായി. ഉറുമ്പും വല്ലാണ്ട് ചൂടായി. ഒരു ഉറുമ്പ് കയറി ഓവർലോഡാവുന്നെങ്കിൽ ആവട്ടെയെന്ന് നാട്ടുകാരും...

"നൻമചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവർ ആണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും?"
1 പത്രോ 3:13

ഗത്യന്തരമില്ലാതെ ഓട്ടോക്കാരൻ വഴങ്ങി. ആശുപത്രിയിൽ ചെന്നപ്പോൾ നിസ്സാരപരിക്കേ ഉള്ളു. തിരിച്ചു അതെ ഓട്ടോയിൽ മടങ്ങി. ഇറങ്ങാൻ നേരം ആന ഉറുമ്പിനോട് നന്ദി പറഞ്ഞിട്ട് ചോദിച്ചു;

''ഒരുപരിചയവുമില്ലാത്ത എന്നെ ആശുപത്രിയിലാക്കാൻ, കൂടെവരണമെന്ന് എന്തിനാണു ശാഠ്യം പിടിച്ചത്?"

അതിനു ഉറുമ്പ് പറഞ്ഞ ഉത്തരം കേട്ട് ആനയുടെ കണ്ണുനിറഞ്ഞു പോയി... ഉത്തരംഇങ്ങനെ;

"ആശുപത്രിയിൽ ചെല്ലുമ്പോൾ രക്തം വേണ്ടി വന്നാലോ എന്ന് കരുതിയാണ് ഞാൻ വണ്ടിയിൽ കയറാൻ നിർബന്ധം പിടിച്ചത്..."

വലിപ്പചെറുപ്പമില്ലാതെ എല്ലാവരേയും ബഹുമാനിക്കാൻ സാധിക്കണം. സഹോദരങ്ങളെ സ്നേഹിക്കാനും പരിഗണിക്കാനും സാധിക്കുമ്പോൾ ക്രിസ്തു ആഗ്രഹിക്കുന്നതുപോലെ 'ക്രിസ്ത്യാനി' എന്ന വാക്കിന്റെ നിർവ്വചനം 'ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവൻ' എന്നായി മാറ്റപ്പെടുകയാണ്.

ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവരായി വലിയ മാർഗ്ഗങ്ങൾ അന്വേഷിച്ച് നടക്കുന്നവരുടെ അടുത്ത് വചനമായി അവതരിച്ചവന് പറയാനുള്ളത്; "നൻമ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്" (ഹെബ്ര 13:16). ചുരുക്കത്തിൽ, ക്രിസ്തുവിനെ വെളിപ്പെടുത്താൻ ഒറ്റമാർഗ്ഗം മാത്രമാണുള്ളത്; അത് നന്മയുടെ മാർഗ്ഗമാണ്. അത് ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗമാണ്. അതു തന്നെയാണ് വിശുദ്ധാത്മാക്കൾ തങ്ങളുടെ ജീവിതിലൂടെ പങ്കുവച്ചത്. അതുകൊണ്ടാണ്, നന്മ പങ്കുവയ്ച്ച മദർ തെരേസയുടെ അടുത്ത് കുഷ്ഠരോഗി പറയുന്നത്;

"ഞാൻ എന്റെ ദൈവത്തെ കണ്ടു" എന്ന്.

ഇതിന്റെ മറുപ്പുറം, ചെയ്യേണ്ട നന്മ എന്താണെന്ന് അറിഞ്ഞിട്ടും അത് ചെയ്യാത്തവൻ

പാപം ചെയ്യുന്നു എന്നും തിരിച്ചറിയാൻ സാധിക്കണം. വചനം പറയുന്നു;

"ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു" (യാക്കോ 4,17).

ക്രിസ്തുവിനെ ഈ ലോകത്തിന് വെളിപ്പെടുത്തുക എന്നുള്ളതാണ് ആത്യന്തികമായി ഒരോ ക്രിസ്തു അനുയായികളുടെയും ജീവിത നിയോഗം. ക്രിസ്തു നന്മയുടെ പക്ഷത്ത് നിൽക്കുന്നവനാണ്. എന്നിട്ടും, നന്മ ചെയ്ത് ക്രിസ്തുവിനെ ഈ ലോകത്തിന് വെളിപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ നാം ചെയ്യുന്നത് പാപം തന്നെയാണ്. യോഹന്നാൻ ശ്ലീഹ തന്റെ അനുവാചകരെ "വാത്സല്യഭാജനമേ..." എന്ന് വിളിച്ച് നന്മ-തിന്മകളെ കുറിച്ച് പഠിപ്പിക്കുന്നത് ഇപ്രകാരമാണ്;

"തിൻമയെ അനുകരിക്കരുത്; നൻമയെ അനുകരിക്കുക. നൻമ പ്രവർത്തിക്കുന്നവൻ ദൈവത്തിൻെറ സ്വന്തമാണ്. തിൻമ പ്രവർത്തിക്കുന്നവനാകട്ടെ ദൈവത്തെ കണ്ടിട്ടേയില്ല" (3 യോഹ 1:11).

ചുരുക്കത്തിൽ, ദൈവത്തെ വെളിപ്പെടുത്തണം എന്നാഗ്രഹിക്കുന്നവർ സ്വന്തമാക്കേണ്ട ജീവിതശൈലി, "നന്മയുടെ ജീവിതശൈലിയാണ്..." നന്മയുടെ ജീവിതശൈലി സ്വന്തമാക്കുന്നവർ വിശുദ്ധാത്മക്കളായി മാറ്റപ്പെടുന്നു. ഇവർ ഒരു സുപ്രഭാതത്തിൽ വിശുദ്ധാത്മക്കളായി മാറ്റപ്പെടുന്നതല്ല. മറിച്ച്, 'വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ' അനുകരിച്ച് മാറ്റപ്പെടുന്നതാണ്. എങ്കിൽ, നമ്മുക്ക് പ്രാർത്ഥിക്കാനുള്ളതും പ്രയത്നിക്കാനുള്ളതും ക്രിസ്തുവിനെപ്പോലെ നന്മ ചെയ്ത് ഈ ഭൂമിയിൽ ചുറ്റി നടക്കുന്നതിനുവേണ്ടിയാണ്. ഗലാത്തിയർക്കുള്ള ആഹ്വാനത്തിൽ പൗലോസ്ശ്ലീഹ ഓർമ്മപ്പെടുത്തുകയാണ്;

"നൻമ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. എന്തെന്നാൽ, നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം" (ഗലാ 6,9).

എങ്കിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ മടുപ്പുതോന്നാതെ നന്മ ചെയ്യുക. കാരണം, വചനഭാഗത്തിലൂടെ ക്രിസ്തു തന്നെ വ്യക്തമാക്കുന്നുണ്ട്, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മാത്രമാണ് ക്രിസ്തു ചെയ്യുന്ന പ്രവർത്തികൾ ചെയ്യുന്നതെന്ന്. ക്രിസ്തു ചെയ്ത പ്രവർത്തികൾ വിശുദ്ധിയുള്ള മാത്രമായിരുന്നു.

"എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും" (യോഹ 14,12).

ഇതിനോട് കൂടെ ക്രിസ്തു കൂട്ടി ചേർക്കുന്നത്, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ക്രിസ്തു ചെയ്ത പ്രവർത്തികളെക്കാൾ വലിയ പ്രവർത്തികൾ ചെയ്യുമെന്നാണ്. കാരണം, ക്രിസ്തു പിതാവായ ദൈവത്തോടു കൂടെയാണ്. അതുകൊണ്ടുതന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തനും അവൻ ചെയ്ത പ്രവർത്തികളെക്കാൾ വലിയ പ്രവർത്തികൾ ചെയ്യാൻ സാധിക്കും.

"ഞാൻ പിതാവിൻെറ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും" (യോഹ 14,12).

"നൻമ പ്രവർത്തിച്ചിട്ടു കഷ്ടത അനുഭവിക്കുക എന്നതാണ് ദൈവഹിതമെങ്കിൽ, അതാണു തിൻമ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുക എന്നതിനെക്കാൾ നല്ലത്." 1 പത്രോ 3:17

***"നിനക്ക് അധികാരിയെ ഭയപ്പെടാതെ കഴിയണമെന്നുണ്ടോ? എങ്കിൽ, നൻമ ചെയ്യുക."***

റോമ 13,3

ഫാ. ജോബി മേനോത്ത്
+91 9447777931